പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4048 — 24.08.2017 ന് മറുപടിയ്ക്ക്.

## വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ നാഷണൽ സർവീസ് സ്കീം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വ്യാവസായിക പരിശീലന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങളിൽ നാഷണൽ സർവീസ് സ്കീം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; | (എ) 31 എണ്ണം |
| (ബി) ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എൻ.എസ്.എസ്. വാളണ്ടിയർമാർക്ക് നൽകുന്നതുപോലെ വ്യവസായ പരിശീലന കേന്ദ്രങ്ങളിലെ എൻ.എസ്.എസ്. വാളണ്ടിയർമാർക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ടോ; | (ബി) ഇല്ല. |
| (സി) ഇവർക്ക് ഗ്രേസ് മാർക്ക് നൽകാൻ ഇതിനകം സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (സി) കേന്ദ്ര നൈപുണ്യ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ ആണ് പരിശീലനവും പരീക്ഷകളും നടത്തുന്നത്. ആയതിനാൽ കേന്ദ്ര നൈപുണ്യ വികസന വകുപ്പാണ് ഈ കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ വ്യവസായിക പരിശീലന വകുപ്പ് നാഷണൽ സർവീസ് സ്കീം സെൽ നടത്തി വരുന്നു. |
| (ഡി) സാങ്കേതിക വിദ്യയിൽ പരിശീലനം നേടുന്ന എൻ.എസ്.എസ്.വാളണ്ടിയർമാരുടെ സേവനം പൊതുസമൂഹത്തിനു പ്രയോജനപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിക്കുമോ; | (ഡി) പൊതുസമൂഹത്തിനു പ്രയോജനപ്പെടുന്ന ഒട്ടനവധി പദ്ധതികൾ വ്യവസായിക പരിശീലന വകുപ്പ് നാഷണൽ സർവീസ് സ്കീം നടപ്പിലാക്കി വരുന്നു. ഈ വർഷം കൂടുതൽ പദ്ധതികൾ വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

Bindu

സെക്ഷൻ ഓഫീസർ